കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൽപ്പകഞ്ചേരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019

## ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.10/26/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി: 07-03-2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൽപ്പകഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.10/26/2020 തിയ്യതി: 07-03-2020

# <u>മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.10.2018 മുതൽ 05.12.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 02 എണ്ണത്തിന് മാത്രമെ മറുപടി ലഭിച്ചിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. അജിത് ആർ , ഡെപ്യൂട്ടി ഡയറക്ടർ(ഹ. ഗ്രേ)

------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 06.12.2019 മുതൽ 18.12.2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സുരേഷ് പി | ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ) |
| ശ്രീ. അബ്ദുന്നാസർ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീ. മുഹമ്മദ് സിയാദ് പി.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. അബ്ദുൾ അലി കുന്നൻ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ മൊയ്തീൻകുട്ടി എൻ | 01.04.2018 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീമതി മേരി ഗ്രേസ് (സെക്രട്ടറിയുടെ ചാർജ്ജ്) | 01.04.2018 മുതൽ 15.05.2018 വരെ |
| | ശ്രീ. കെ.പി.എം നവാസ് | 16.05.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി മേരി ഗ്രേസ് | 01.04.2018 മുതൽ 08.10.2018 വരെ |
| | ഒഴിവ് | 09.08.2018 മുതൽ 16.10.2018 വരെ |
| | ശ്രീ റോയ് ഡേവിഡ് | 17.10.2018 മുതൽ 16.11.2018 FNവരെ |
| | ശ്രീമതി ഷീജ ടി.ആർ | 16.11.2018 AN മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ജോസഫ് സേവിയർ | 01.04.2018 മുതൽ 12.07.2018 വരെ |
| | ശ്രീ.സുജിത് | 13.07.2018 മുതൽ 20.01.2019 വരെ |
| | ശ്രീ. സഞ്ജയ് കുമാർ | 21.01.2019 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ. രമേഷ് കുമാർ | 01.04.2018 മുതൽ 31.08.2018 വരെ |
| | ശ്രീമതി ബാസില സി.പി | 01.09.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ. അനു ജി | 01.04.2018 |

| | | |
|---|---|---|
| | | മുതൽ 07.10.2018 വരെ |
| | ഡോ. ശിവനാരായണൻ | 08.10.2018 മുതൽ 14.01.2019 വരെ |
| | ഡോ അങ്കിരസ് | 15.01.19 മുതൽ 31.03.19വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ബീന പാരോൾ | 01.04.2018 മുതൽ 10.07.2018 വരെ |
| | ശ്രീമതി നാദിറ | 11.07.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ അമീർഷാ മുഹമ്മദ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ഗായത്രി | 01.04.2018 മുതൽ 03.01.2019 വരെ |
| | ശ്രീമതി ലക്ഷ്മി | 04.01.2019 മുതൽ 14.01.2019 വരെ |
| | ശ്രീ മുഹമ്മദ് മുനീർ | 15.01.2019 മുതൽ 28.02.2019 വരെ |
| | ശ്രീമതി ലക്ഷ്മി | 01.03.2019 മുതൽ 05.03.2019 വരെ |
| | ശ്രീമതി ലിൻസി സാമുവൽ | 05.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ | ശ്രീമതി ബബിതാ (പി.എച്ച്.സി) | 01.04.2018 മുതൽ 31.03.2019വരെ |
| | ഡോ. ഷിഹാബുദ്ദീൻ (ആയുർവേദം) | 01.04.18 മുതൽ 31.03.19 വരെ |
| | ഡോ. ബിന്ദു (ഹോമിയോ) | 01.04.18 മുതൽ 29.10.2018 വരെ |

| | | | |
|---|---|---|---|
| | | ഡോ. നർഗ്ഗീസ് പി<br>(ഹോമിയോ) | 30.10.2018<br>മുതൽ<br>31.03.2019<br>വരെ |

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 2 | 1-3 | സാമ്പത്തിക വിശകലനം (R&Pപ്രകാരം) |
| 3 | 1-4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 4 | 1-5 | പദ്ധതി അവലോകനം. |
| 5 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 6 | 1-7 | ക്ഷേമപദ്ധതികൾ |
| 7 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 8 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 9 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | കെട്ടിട നികുതി കുറവായി ഈടാക്കി. |
| 13 | 1-13 | പി.എച്ച്.സി കൽപകഞ്ചേരി -33104 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല. |
| 14 | 1-14 | റേഷൻ കടകൾക്ക് ലൈസൻസ്, തൊഴിൽ നികുതി ബാധകമാക്കിയിട്ടില്ല |
| 15 | 1-15 | ഇലക്ട്രിക് ലൈൻ മാറ്റൽ-പദ്ധതി ലക്ഷ്യം കണ്ടില്ല |
| 16 | 1-16 | കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തില്ല. . ഇ.എം.ഡി. ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. |
| 17 | 1-17 | റോഡ് കണക്റ്റിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല |
| 18 | 1-18 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് നിർവ്വഹണം- ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല. |
| 19 | 1-19 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- അപാകതകൾ |
| 20 | 1-20 | സമ്പൂർണ്ണ പാർപ്പിട പദ്ധതി- ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല- മുൻകൂർ തുക തിരികെ ഈടാക്കേണ്ടതാണ്. |
| 21 | 1-21 | വീട് വാസയോഗ്യമാക്കൽ- പ്രൊജക്ട് നിർവ്വഹണത്തിലെ അപാകത |
| 22 | 1-22 | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി- പ്രവൃത്തി ചെയ്ത അളവിനേക്കാൾ കൂടുതൽ അളവ് രേഖപ്പെടുത്തി പ്രവൃത്തി മൂല്യ നിർണ്ണയം |

| | | |
|---|---|---|
| | | ചെയ്ത് തുക നൽകി- ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുക തിരിച്ചടവാക്കി. |
| 23 | 1-23 | രജിസ്ട്രേഡ് ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് - മുഴുവൻ കിറ്റുകളും വിതരണം ചെയ്തിട്ടില്ല |
| 24 | 1-24 | കൈപ്പറ്റ് രശീതി ഹാജരാക്കിയില്ല |
| 25 | 1-25 | 24പഞ്ചായത്തിൽ നടക്കുന്ന ക്രമക്കേടുകൾ സംബന്ധിച്ച പരാതി പരിശോധന സംബന്ധിച്ച്. |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| ഇല്ല | | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| ഇല്ല | | |
| ഭാഗം -IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 26 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 27 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 28 | 4-3 | നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ |
| 29 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 30 | 4-5 | വായ്പ/ വായ്പ തിരിച്ചടവ് |
| 31 | 4-6 | സ്ഥിര നിക്ഷേപങ്ങൾ |
| 32 | 4-7 | ഓഡിറ്റ് റിക്കവറി |
| 33 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 34 | 4-9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 35 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 36 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| ഭാഗം V -അനുബന്ധങ്ങൾ | | |
| 37 | Annexure 1 | Audit Certificate |
| 38 | അനുബന്ധം2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 39 | അനുബന്ധം3 | വാർഷിക കണക്ക് സംക്ഷിപ്തം-പകർപ്പ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 24.03.2018 തിയതിയിലെ 1 (1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23.03.2019 ലെ 3(1) നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| 31 .07.2019 | 23.05.2019 | | |
|---|---|---|---|

## 1-3 സാമ്പത്തിക വിശകലനം (R&Pപ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,08,17,853.14 |
| വരവ് | 7,53,24,663 |
| ആകെ | 8,61,42,516 |
| ചെലവ് | 4,57,57,930 |
| നീക്കിയിരിപ്പ് | 4,03,84,586.14 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 1,65,97,370 | 1,65,97,370 | 1,45,93,319 | 20,04,051 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 5,32,000 | 5,32,000 | 2,72,600 | 2,59,400 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 87,333 | 87,333 | 0 | 87,333 |
| സംരക്ഷണഗ്രാന്റ് (റോഡ്) | | 0 | 1,30,58,000 | 1,30,58,000 | 67,40,615 | 63,17,385 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | | 0 | 35,20,000 | 35,20,000 | 18,46,869 | 16,73,131 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 77,05,000 | 77,05,000 | 30,88,985 | 46,16,015 |
| എം.എൻ.ആർ.ഇ.ജി.എസ്. (അഡ്മിൻ) | | 6,58,552.14 | 11,35,333 | 17,93,885.14 | 10,90,994 | 7,02,891.14 |
| എം.എൻ.ആർ.ഇ.ജി.എസ് (ഇ എഫ് എം എസ് ) | | 0 | 1,15,676.2 | 1,15,676.2 | 1,15,676.2 | 0 |
| എസ്.ബി.ടി ഇ.പെമെന്റ് | | 5,15,002 | 37,12,799 | 42,27,801 | 5,62,598 | 36,65,203 |
| കൽപ്പകഞ്ചേരി സർവീസ് സഹകരണ ബാങ്ക് തനത് ഫണ്ട് | | 82,31,608 | 93,84,021 | 1,76,15,629 | 88,47,539 | 87,68,090 |
| ട്രഷറി ടി എസ് ബി | | 9,49,368 | 3,47,24,434 | 3,56,73,802 | 90,27,311 | 2,66,46,491 |
| കനറ ബാങ്ക് സാനിറ്റേഷൻ | | 33,833 | 21,563 | 55,396 | 20,363 | 35,033 |
| എസ്.ബി.ഐ – എസ്.എസ്.എ | | 34,430 | 1,221 | 35,651 | 0 | 35,651 |
| കൽപ്പകഞ്ചേരി സർവീസ് സഹകരണ ബാങ്ക്-കുടുംബശ്രീ | | 3,01,631 | 13,371 | 3,15,002 | 1,185 | 3,13,817 |
| കൽപ്പകഞ്ചേരി സർവീസ് സഹകരണ ബാങ്ക്-സാക്ഷരത | | 9,058 | 366 | 9,424 | 0 | 9,424 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 8,36,000 | 4,40,800 | 12,76,800 | 3,81,643 | 8,95,157 |
| | ജില്ലാ പഞ്ചായത്ത് | 79,500 | 1,89,100 | 2,68,600 | 79,500 | 1,89,100 |
| ബി ഫണ്ട് | | 0 | 2,36,780 | 2,36,780 | 2,36,780 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 170 | 6,69,39,390 | 94 | 3,29,26,548 | 06 | 70 | 55.29 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6,58,552.14 | 11,35,333 | 17,93,885.14 | 10,90,994 | 702891.14 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 115676.20 | 115676.20 | 115676.20 | 0 |
| ആകെ | 6,58,552,14 | 12,51,009.2 | 19,09,561.34 | 12,06,670.2 | 7,02,891.14 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 8,280 | 05 |
| കർഷക തൊഴിലാളി പെൻഷൻ | 1,32,600 | 15 |
| വിധവാ പെൻഷൻ | 1,14,54,400 | 913 |
| വാർദ്ധക്യകാല പെൻഷൻ | 2,07,97,100 | 1,543 |
| വികലാംഗ പെൻഷൻ | 42,77,600 | 360 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 1,20,000 | 04 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 0 | 00 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.12.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,367/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥിരനിക്ഷേപ രജിസ്റ്റർ,സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, ഗവ ഡ്യൂസ് രജിസ്റ്റർ, കണ്ടിജന്റ് രജിസ്റ്റർ, എന്നിവ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 156(4) ഡി പ്രകാരം പഞ്ചായത്തിനെ സംബന്ധിക്കുന്ന പണം കൊടുക്കലും പണം തിരികെ കൊടുക്കലും പ്രസിഡന്റ് അധികൃതപ്പെടുത്തേണ്ടതാണ്. തെരുവുവിളക്കുകളുടെ എണ്ണം, തരം എന്നിവ കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഫീൽഡ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയ എല്ലാ മേഖലകളിലെയും നിയമ ലംഘനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം നിർണ്ണയിച്ച് നൽകിയിട്ടില്ല. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ട്രേഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം പൂർണ്ണമല്ല. ഇത് നികുതി നിർണ്ണയത്തിൽ

അപാകതയ്ക്ക് കാരണമാകുന്നുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഇതുമൂലം വലിയ അളവിൽ വരുമാന നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ച വരുത്തിയിട്ടുണ്ട്. വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.05.2019 | മെയ് 2019 | 31.05.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.11.2012, 14.12.2012 | 2007-08, 2011-12 | 16.02.2013 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. 2011 ലെ കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 65 (v) ഇ പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ തയ്യാറാക്കിയിട്ടില്ല.
2. തൊഴിൽ നികുതി, കെട്ടിട നിർമ്മാണ അനുമതി, റെഗുലറൈസേഷൻ എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
3. ലഭ്യമാക്കിയ വസ്തു നികുതി ഡി സി ബി യും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| വസ്തു നികുതി (തൻവർഷം) (താമസ-താമസേതര കെട്ടിടങ്ങൾ) | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് | 4303471 (2103826+ 2199645) | 4183868 (2020159+ 2155127+ 6582(Adv)) | 119603 (Bt as per AFS Nil report) |
| ഡി സി ബി സ്റ്റേറ്റ്മെന്റ് | 4303471 | 4330779 (includes book adjustment 126185) | -27308(But as per DCB 2821) |
| വ്യത്യാസം | 0 | -146911 | |

| വസ്തു നികുതി (കുടിശ്ശിക) (താമസ-താമസേതര കെട്ടിടങ്ങൾ) | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് | 282851 | 310670 | -27819(bt as per AFS Nil) |
| ഡി സി ബി സ്റ്റേറ്റ്മെന്റ് | 310670 | 321813 | -11143(But |

| | | | |
|---|---|---|---|
| | | | as per DCB 5365) |
| വ്യത്യാസം | -27819 | -11143 | |

4. തൊഴിൽ നികുതി, ഡി ആന്റ് ഒ, വസ്തു നികുതി എന്നീ ഇനങ്ങളിൽ വാർഷിക കണക്കിൽ മുൻകൂറായി തുക കലക്ഷൻ വന്നിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ ആയതിന്റെ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
5. ആസ്തി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റ് (B-11 Schedule ) പ്രകാരമുള്ള ആസ്തികളുടെ രേഖപ്പെടുത്തൽ പരിശോധിക്കാനായിട്ടില്ല.
6. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
7. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
8. ബി-18 ഷെഡ്യൂളിൽ 460500202, 460500499, 460500501 എന്നീ ഹെഡ്ഡുകളിലായി രേഖപ്പെടുത്തിയിട്ടുള്ളതും വർഷങ്ങളായി തുടരുന്നതുമായ മുൻകൂർ തുകകൾ ക്രമീകരിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.
9. ലൈഫ് പ്രോജക്ടിനായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 1,89,100/- രൂപ വരവ് വന്നത് ചെലവായിട്ടില്ല. എന്നാൽ ആയത് ബാലൻസ് ഷീറ്റിൽ (ബി - 4 ഷെഡ്യൂൾ) ചേർത്തിട്ടില്ല.
10. സ്പെസിഫിക് പർപ്പസ് ഫണ്ടിനത്തിൽ ലഭിക്കുന്ന തുകകൾക്ക് എ സി ആർ സൂക്ഷിക്കുന്നില്ല.
11. ക്യാമ്പ് കലക്ഷൻ വഴി പിരിച്ചെടുത്ത വസ്തു നികുതി ഇനം തിരിച്ച് സാംഖ്യയിൽ റസീപ്റ്റ് ആക്കുന്നില്ല.
12. അസി. എഞ്ചിനീയർ ടി ആർ 7എ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. ഹാജരാക്കിയ സബ്സിഡിയറി ക്യാഷ് ബുക്കിൽ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.
13. സെക്രട്ടറി, അസി. സെക്രട്ടറി, കൃഷി ഓഫീസർ, അസി. എഞ്ചിനീയർ എന്നിവരൊഴികെയുള്ള നിർവ്വഹണോദ്യോഗസ്ഥരുടെ ബിൽ ബുക്ക്, ക്യാഷ് ബുക്ക് എന്നിവ ലഭ്യമാക്കിയില്ല.
14. തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർമ്മിച്ച ആസ്തികളുടെ മെറ്റീരിയൽ കോസ്റ്റു മാത്രമാണ് ക്യാപിറ്റൽ കോൺട്രിബ്യൂഷനായി മാറ്റിയിട്ടുള്ളത്.

## 1-12 കെട്ടിട നികുതി കുറവായി ഈടാക്കി.

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം കൽപകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ പറയുന്ന പ്രകാരമാണ് ഭരണസമിതി നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30രൂപ/ ച.മീ |
| 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 രൂപ/ ച.മീ |

ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട നമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങൾ വിവിധ മുറികളായി തിരിച്ചതിനാൽ, ഓരോ മുറിയുടെയും തറ വിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന പരിഗണന നൽകി വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്യുന്നത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ആകെ വിസ്തീർണ്ണം | ഈടാക്കിയ തുക (30 രൂപ നിരക്കിൽ + | ഈടാക്കേണ്ട തുക (50 രൂപ നിരക്കിൽ + | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|---|

| | | | | ലൈബ്രറി സെസ്സ്) | ലൈബ്രറി സെസ്സ്) | | |
|---|---|---|---|---|---|---|---|
| 1 | 8/449B to H | ഹബീബ് റഹ്മാൻ | 171.5 | 6174+315=6489 | 10290+518=10808 | 4319 | 20% വർദ്ധനവ് |
| 2 | 8/556B to I | ഇബ്രാഹിം കുട്ടി.എം | 316.04 | 13592+683=14275 | 18540+922=19462 | 5187 | 20% വർദ്ധനവ്, ഇളവ് 5% (170.18m2ന്) (556H നമ്പർ കെട്ടിടത്തിന് 50 (121.56 m2) രൂപ നിരക്കിൽ ഈടാക്കിയിട്ടുണ്ട്. |

ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിന് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത്. 18/12/2019 ന് എൻക്വയറി നമ്പർ 14 മുഖേന ഇത് സംബന്ധിച്ച് വിവരങ്ങൾ ആരാഞ്ഞിരുന്നെങ്കിലും മറുപടി ലഭ്യമായിട്ടില്ല. ഇത്തരത്തിലുള്ള കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് കുറവുള്ള നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 പി.എച്ച്.സി കൽപകഞ്ചേരി -33104 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ പിഎച്ച്സി നിർവ്വഹണ ഉദ്യോഗസ്ഥനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിന് ചുവടെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ഫണ്ട് | മരുന്ന് വാങ്ങുന്നതിന് ചെലവഴിച്ച തുക | ചെക്ക് നമ്പർ, തിയ്യതി | ലഭ്യമായ മരുന്നിന്റെ വില | ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നിന്റെ വില. |
|---|---|---|---|---|---|---|---|
| 1 | 83/18-19 | കിടപ്പിലായ രോഗികൾക്ക് പരിചരണം | വികസന ഫണ്ട് 300,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം 300,000 | 150,000 | 2963438 dt 21-02-19 | 116896 | 33104 |

അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റ് എൻക്വയറി നമ്പർ 3 തിയ്യതി 12-12-2019 മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും വിവരങ്ങൾ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമായി സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കുന്നതുവരെ 33,104/- രൂപ തടസ്സം ചെയ്യുന്നു.

## 1-14 റേഷൻ കടകൾക്ക് ലൈസൻസ്,തൊഴിൽ നികുതി ബാധകമാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ലൈസൻസ് രജിസ്റ്ററിലും

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ച് വിവരം ഉൾപ്പെടുത്തിയിട്ടില്ല. മുൻവർഷ റിപ്പോർട്ടുകളിലും ഇക്കാര്യം പരാമർശിച്ചിരുന്നു എങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തിലെ റേഷൻ കടകൾക്ക് ലൈസൻസ് നല്കാനും അവയിൽ നിന്നും വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും, ജീവനക്കാരുടേയും ഉൾപ്പെടെ) ഈടാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അവയെ തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കിയ എക്സംപ്ഷൻ ഉത്തരവുകൾ/രേഖകൾ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-15 ഇലക്ട്രിക് ലൈൻ മാറ്റൽ-പദ്ധതി ലക്ഷ്യം കണ്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നമ്പർ SO173/2018-19 " പറവന്നൂർ സ്റ്റേഡിയം ഇലക്ട്രിക് ലൈൻ മാറ്റൽ" എന്ന പ്രോജക്ടിനായി 22349/-രൂപ തനതു ഫണ്ട് വകയിരുത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ കത്തിൽ "പറവന്നൂർ സ്റ്റേഡിയത്തിന്റെ വടക്കു കിഴക്കു ഭാഗത്തു കൂടി കടന്നു പോകുന്ന ഇലക്ട്രിക് ലൈനിനു താഴെ നിയമാനുസൃത അകലം പാലിക്കാതെ കമ്പിവേലി സ്ഥാപിച്ചത് മനുഷ്യനൾപ്പെടെയുള്ള ജീവികൾക്ക് ജീവഹാനി പോലും വരത്തക്കവിധം ആപത്ക്കരമായ നിലക്കാണെന്നും, ആയതുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന കഷ്ട നഷ്ടങ്ങളുടെ ഉത്തരവാദിത്തം കെ.എസ്.ഇ.ബി. ഏറ്റെടുക്കില്ല എന്നും നിയമാനുസൃത അകലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും കൈക്കൊള്ളണമെന്നും" അറിയിച്ചിട്ടുണ്ട്.
5.7.18 ന കെ.എസ്.ഇ.ബിയിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമായ മേൽ പദ്ധതിയിൽ എസ്റ്റിമേറ്റ് തുക കൈമാറാനാവാനാശ്യമായ ബാങ്ക് അക്കൗണ്ട് വിശദാംശം ആരായുകയല്ലാതെ തുക അടവാക്കുകയോ അപകടാവസ്ഥ ഒഴിവാകുകയോ ചെയ്തിട്ടില്ല.
വിശദീകരണമാരാഞ്ഞു നല്കിയ ഓഡിററ് എൻക്വയറി നം.01/12.12.2019 ന മേൽ സ്ഥലമുടമയുടെ സമ്മത പത്രം കൂടി ലഭ്യമാകാനുണ്ടെന്നും ആയതു ലഭ്യമാകുന്ന മുറക്ക് പദ്ധതി പൂർത്തീകരിക്കുമെന്നും അറിയിച്ചു. അപകടാവസ്ഥ ഒഴിവാക്കാൻ/കമ്പി വേലി സുരക്ഷിതമാക്കാൻ സാധ്യമായ എല്ലാ പോം വഴികളും പരിഗണിക്കേണ്ടതും ഉചിതമായ തുടർ നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-16 കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തില്ല. ഇ.എം.ഡി. ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ- അസി. എഞ്ചിനീയർ

പ്രവൃത്തി- പുത്തനത്താണി തെയ്യമ്പാട്ടിൽ റോഡ് ടാറിംഗ്,

പ്രൊജക്ട് നമ്പർ- 147/19

സാങ്കേതികാനുമതി- 350000 രൂപ,

ബിൽ നമ്പർ- 15/2018-19, തി- 28-7-2018, 326200 രൂപ

മേൽ പ്രവൃത്തി ടെണ്ടർ ചെയ്തതിൽ ചുവടെ കൊടുത്തിട്ടുള്ള നാല് കരാറുകാർ ടെണ്ടർ സമർപ്പിച്ചിരുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|
| 1 | ശ്രീ. എം.അബ്ദുൽ കരീം | 6.01% കുറവിൽ |
| 2 | ശ്രീ. കെ. മുഹമ്മദ് റിയാസ് | 26% കുറവിൽ |
| 3 | ശ്രീ. കെ.അൻവർ | 4.13% കുറവിൽ |
| 4 | ശ്രീ. മുഹമ്മദ് നിയാസ് | 6.8% കുറവിൽ |

ഭരണ സമിതിയുടെ 17-10-2017 ലെ 1(1) നമ്പർ തീരുമാന പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. കെ. മുഹമ്മദ് റിയാസിന്റെ ടെണ്ടർ (26% below) അംഗീകരിച്ചിരുന്നു. ടെണ്ടർ അംഗീകരിച്ചതിനെ തുടർന്ന് കരാർ ഉടമ്പടി

വെക്കാൻ 30-10-2017 നും തുടർന്ന് 20-11-2017 നും ടിയാന് രേഖാമൂലം അറിയിപ്പ് നൽകിയെങ്കിലും (13/AE/KLPY/TENDER/2017-18 നമ്പർ കത്ത്) മേൽ കരാറുകാരൻ കരാർ ഉടമ്പടി വെയ്ക്കുകയോ പ്രവൃത്തി ഏറ്റെടുക്കുകയോ ചെയ്തില്ല. തുടർന്ന് 1-12-2017 വരെ സമയം നീട്ടി നൽകിയെങ്കിലും ടിയാൻ കരാർ വെച്ചില്ല. ഭരണ സമിതിയുടെ 22-1-2018 ലെ 1(4) നമ്പർ തീരുമാന പ്രകാരം ടിയാന്റെ പേരിലുള്ള ദർഘാസ് റദ്ദ് ചെയ്യുകയും രണ്ടാമത്തെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. മുഹമ്മദ് നിയാസിന്റെ ടെണ്ടർ (6.8% കുറവിൽ) അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ.മുഹമ്മദ് നിയാസ് 9-3-2018 ന് ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെടുകയും 3,26,200 രൂപ മൂല്യത്തിൽ (ടെണ്ടർ കുറവ് കിഴിച്ച്) പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. മുഹമ്മദ് റിയാസ് പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് വന്നിട്ടുള്ള നഷ്ടം ടിയാനിൽ നിന്നും ഈടാക്കാതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ശ്രീ. മുഹമ്മദ് റിയാസ് തുടർന്നുള്ള കാലയളവുകളിലായി 48 പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ഗ്രാമ പഞ്ചായത്തുമായി എഗ്രിമെന്റ് വെച്ചിട്ടുള്ളതായി എഗ്രിമെന്റ് റജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. ടി-യാൻ അടവാക്കിയ ഇ.എം.ഡി. തുക 8750 രൂപ (വളവന്നൂർ സർവീസ് സഹകരണ ബാങ്കിലെ സ്ഥിര നിക്ഷേപ സാക്ഷ്യപത്രം- രശീതി നമ്പർ-R 10559/18-9-2017) ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാതിരിക്കുന്നതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ - 10/18-12-2019 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഇ.എം.ഡി. തുക 8750 രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ഇ.എം.ഡി. തുക 8750 ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 റോഡ് കണക്റ്റിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി പ്ലാനും റോഡ് കണക്റ്റിവിറ്റി മാപ്പും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതൽ സർക്കാരിന്റെ നിർദ്ദേശമുള്ളതാണ്. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രൊജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗ രേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. 14-7-2007 ലെ ജി.ഒ.(എം.എസ്.)128/07/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക- 5-12 പ്രകാരം ഗ്രാമ പഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന എല്ലാ റോഡുകളുടെയും ഒരു ശൃംഖല,(കണക്റ്റിവിറ്റി പ്ലാൻ) അതായത് ഹൈവേയുമായോ മേജർ ജില്ലാ റോഡുകളുമായോ ബന്ധിപ്പിക്കുന്നതും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങൾ വരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടെയും ഒരു കേന്ദ്ര ശൃംഖല തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകേണ്ടതുണ്ട്. ഈ കണക്റ്റിവിറ്റി പ്ലാനിൽ നിലവിലുള്ള റോഡുകളുടെ വിപുലീകരണവും അറ്റകുറ്റപണിയും പുതിയ റോഡുകളുടെ നിർമ്മാണം സംബന്ധിച്ചുള്ള ഘടകവും ഉൾകൊള്ളിക്കേണ്ടതാണ്. അതിന് ശേഷം ഈ മേഖലയിലെ വിദഗ്ദരുടെ ഒരു യോഗം വിളിച്ച് ചേർത്ത് മാനദണ്ഡങ്ങളെ ആധാരമാക്കി മുൻഗണനാക്രമം നിശ്ചയിച്ച് വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്.

എന്നാൽ സർക്കാരിന്റെ ആവർത്തിച്ചുള്ള നിർദ്ദേശമുണ്ടായിട്ടും ഗ്രാമ പഞ്ചായത്ത് റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത് എന്നിരിക്കെ റോഡ് പ്രവൃത്തികളുടെ മുൻഗണനാക്രമം നിശ്ചയിച്ചതിന്റെ മാനദണ്ഡം കണക്റ്റിവിറ്റി പ്ലാനിന്റെ അഭാവത്തിൽ പരിശോധിക്കാനായില്ല.

റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കാതിരിക്കുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ക്രിയാത്മക ഇടപെടൽ നടത്തുകയും നേതൃപരമായ പങ്ക് വഹിക്കേണ്ടതുമാണ്.

## 1-18 ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് നിർവ്വഹണം- ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.

ജി.ഒ. (എം.എസ്) നമ്പർ 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്യുന്നത്. ഇപ്രകാരം കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല. 2018-19 വർഷത്തിൽ ഇ- ടെണ്ടർ ചെയ്തതിലൂടെ ലഭിക്കാനുള്ള തുകകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് | പ്രൊജക്ട് നമ്പർ | പങ്കെടുത്ത കരാറുകാരുടെ എണ്ണം | ടെണ്ടർ ഫീ | ആകെ |
|---|---|---|---|---|
| മഞ്ഞച്ചോല, കൽപകഞ്ചേരി സ്കൂളുകളിൽ സാനിറ്ററി യൂണിറ്റുകൾ സ്ഥാപിക്കൽ<br>അടങ്കൽ- 1175000 രൂപ | 162/19 | 2 | 2500 | 5000 |
| ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണം<br>അടങ്കൽ- 4600000 | 174/19 | 3 | 2500 | 7500 |

മേൽ തുകയും 2015-16 വർഷം മുതൽ 2017-18 വരെ ഇ- ടെണ്ടർ നടപടികളിലൂടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുള്ള തുകയും ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-19 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- അപാകതകൾ

2018-19 വർഷം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 113 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 54 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 113 | ആകെ അടങ്കൽ | 38704399 |
| നടപ്പിലാക്കിയത് | 54 | ചെലവ് | 13619443 |
| ശതമാനം | 48 | ചെലവ് ശതമാനം | 35.19 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 30 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ 5 പ്രൊജക്ടുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

മരാമത്ത് നിർവ്വഹണത്തിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ കൊടുക്കുന്നു.

<u>1. പ്രൊജക്ടുകളുടെ ആധിക്യവും എഞ്ചിനീയറിംഗ് സ്റ്റാഫിന്റെ കുറവും നിർവ്വഹണത്തെ ബാധിക്കുന്നു</u>

ഗ്രാമ പഞ്ചായത്തിൽ 1അസിസ്റ്റന്റ് എഞ്ചിനീയർ, 2 ഓവർസിയർ എന്നിവരുടെ തസ്തികയുണ്ടെങ്കിലും ഓഡിറ്റ് വർഷത്തിലും ഇപ്പോഴും സ്ഥിരം ജീവനക്കാർ ഇല്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച അസിസ്റ്റന്റ് എഞ്ചിനീയറും നിത്യവേതനാടിസ്ഥാനത്തിൽ നിയമിച്ച ഒരു ഓവർസിയറും മാത്രമാണ് ജീവനക്കാരായുള്ളത്. ഗ്രാമ പഞ്ചായത്തിൽ 2018-19 വാർഷിക പദ്ധതിയുടെ 58% ഫണ്ടും വകയിരുത്തിയിട്ടുള്ളത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കാനുള്ള പദ്ധതികൾക്കാണ്. ഈ പ്രൊജക്ടുകളുടെയെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കുകയും തുടർന്ന് പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കലും ബില്ല്, അളവ് പുസ്തകം തയ്യാറാക്കൽ, മൂല്യ നിർണ്ണയം

എന്നിവയെല്ലാം ചെയ്യേണ്ടത് ഈ ജീവനക്കാരാണ്. മാത്രമല്ല പഞ്ചായത്തിലെ 18 വാർഡുകളിലെ കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിങ്ങ് എന്നിവയുമായി ബന്ധപ്പെട്ട ഭാരിച്ച ജോലികളും ഇവരുടെ ചുമതലയാണ്. പരിമിതമായ ജീവനക്കാർ മാത്രമായതും പ്രവൃത്തികളുടെ ബാഹുല്യവും കാരണം പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം വരികയും മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. മാത്രമല്ല പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്ന് വ്യക്തമാണ്. അംഗീകരിച്ച പ്രൊജക്ടുകളിൽ ഭൂരിഭാഗവും നിർവ്വഹിക്കപ്പെടാതെ പോകുന്നത് മൂലം സ്പിൽഓവർ പ്രൊജക്ടുകൾ പെരുകുന്നതിനും ഗ്രാമ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതായ ഫണ്ട് ലാപ്സാകുന്നതിനും കാരണമാകുന്നു. മാത്രമല്ല പ്രൊജക്ട് നിർവ്വഹിക്കപ്പെടാതെ പോകുന്നത് മൂലം പ്രൊജക്ട് തയ്യാറാക്കുന്നതിലൂടെ ആ പ്രദേശത്തെ ജനങ്ങൾക്ക് നൽകുന്ന വാഗ്ദാനം നിറവേറ്റപ്പെടാതെ പോകുന്നതിനും കാരണമാകുന്നുണ്ട്. എഞ്ചിനീയറിംഗ് സംവിധാനത്തിന്റെ പോരായ്മ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധയിൽപെടുത്തുന്നു.

<u>2. ടെണ്ടർ നടപടികൾ സുതാര്യമല്ല.</u>

2018-19 വർഷത്തിൽ അംഗീകാരം ലഭിച്ച മുഴുവൻ മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ ആയും ബാക്കിയുള്ളവ മാന്വൽ ടെണ്ടറും ആയുമാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്തത്.

മാന്വൽ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത ഭൂരിഭാഗം പ്രവൃത്തികളിലും ആകെ രണ്ടു കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. രണ്ട് ടെണ്ടർ സമർപ്പിക്കപ്പെട്ടതിൽ എല്ലാ പ്രവൃത്തികളിലും ഒരാൾ എസ്റ്റിമേറ്റ് നിരക്കും/ നാമമാത്ര കുറവും രണ്ടാമൻ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും ക്വാട്ട് ചെയ്യുകയും എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിന്/നാമമാത്ര കുറവിന് കരാർ ചമക്കുകയുമാണ് ചെയ്തിരിക്കുന്നത്. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി ക്വാട്ട് ചെയ്ത നിരക്കുകളും ലഭിച്ച ടെണ്ടറുകളുടെ എണ്ണവും പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യത്തിന് നിരക്കുന്നതുമല്ല. ടെണ്ടറിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുകയും ഗ്രാമ പഞ്ചായത്തിന് നഷ്ടം വരുത്തുന്ന പ്രവണത തടയേണ്ടതുമാണ്. ആവശ്യത്തിന് മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നതിന് വികസന / ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റികളുടെ സമയോചിത ഇടപെടൽ ഉണ്ടാവേണ്ടതാണ്. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

3. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല. മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് വികസന സ്റ്റാൻറിംഗ് കമ്മിറ്റി നേതൃത്വപരമായ ഇടപെടൽ നടത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുമാണ്.

4 . വ്യാപകമായി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.

ഐ.ആർ.സി. സ്പെസിഫിക്കേഷൻ പ്രകാരം റോഡ് നിർമ്മാണ /പുനരുദ്ധാരണ പ്രവൃത്തികളിൽ മെറ്റലിംഗും ടാറിംഗുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മെറ്റലിംഗും ടാറിംഗും പ്രായോഗികമല്ലാത്ത റോഡുകളിലാണ് കോൺക്രീറ്റിംഗ് ആവശ്യമായി വരുന്നത്. ഇക്കാര്യം പരിഗണിക്കാതെ റോഡുകൾ വ്യാപകമായി കോൺക്രീറ്റിംഗ് നടത്തുന്നത് മൂലം രണ്ട് കിലോമീറ്ററോളം നീളമുള്ള പഞ്ചായത്ത് റോഡുകളിൽ ഏതാനും മീറ്ററുകൾ മാത്രമേ ഓരോ വർഷവും പുനരുദ്ധരിക്കാൻ കഴിയുന്നുള്ളൂ. മാത്രമല്ല പദ്ധതിപ്പണം അധികം ചെലവഴിക്കേണ്ടതായും വരുന്നു. മണലിന് പകരം പാറപ്പൊടി ഉപയോഗിക്കുന്നതിനാൽ കോൺക്രീറ്റിംഗിന്റെ ഗുണമേൻമയിൽ വലിയ കുറവ് കാണുന്നുണ്ട്. ആയതിനാൽ റോഡ് കോൺക്രീറ്റിംഗ് വ്യാപകമാക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

5. നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കൽ- കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല.

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. ഓഡിറ്റ് വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും 1,36,194 രൂപ കുറവ് ചെയ്ത് നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിൽ അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജായി ഈടാക്കിയിട്ടില്ല. മേലിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് 7/16-12-2019 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും വസ്തുതാപരമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 സമ്പൂർണ്ണ പാർപ്പിട പദ്ധതി- ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല- മുൻകൂർ തുക തിരികെ ഈടാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ, കൽപകഞ്ചേരി ഗ്രാമ പഞ്ചായത്ത്.

പ്രൊജക്ട് - സമ്പൂർണ്ണ പാർപ്പിട പദ്ധതി

പ്രൊജക്ട് നമ്പർ- 17/19

അടങ്കൽ- 4800000 (plan)

മേൽ പദ്ധതി പ്രകാരം, ഭവന നിർമ്മാണത്തിന് ഒന്നാം ഗഡു ധനസഹായം 40000 രൂപ കൈപറ്റിയ (ബിൽ നമ്പർ- 11/25-3-2019 പ്രകാരം 120000 രൂപ പിൻവലിച്ചതിൽ 40000 രൂപ കേരള ഗ്രാമീണ ബാങ്ക്, തിരുനാവായ ശാഖയിൽ ടിയാന്റെ പേരിലുള്ള 40105101029154 നമ്പർ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തത്) ശ്രീ. ഷംസുദ്ദീൻ, S/O.മമ്മദ്, തയ്യിൽ വീട്, കാനാഞ്ചേരി, കൽപകഞ്ചേരി എന്ന ഗുണഭോക്താവ് നാളിതു വരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. പ്രവൃത്തി സ്ഥലത്തേക്ക് സുഗമമായ വഴി ഇല്ലാത്തതിനാൽ ഭവന നിർമ്മാണ പ്രവൃത്തി നടത്താൻ സാധിക്കുന്നില്ലെന്നും കൈപ്പറ്റിയ തുക തിരിച്ചടക്കാൻ സന്നദ്ധനാണെന്നും ടിയാൻ അറിയിച്ചതായി 11-4-2019 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ രേഖാമൂലം അറിയിച്ചതിന്റെ പകർപ്പ് വി.ഇ.ഒ. പരിശോധന സമയത്ത് ലഭ്യമാക്കിയിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തിയാക്കാൻ സാധ്യമായ ഇടപെടലുകൾ നടത്തുകയോ 40000 രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കുകയോ ചെയ്യേണ്ടതാണ്.

## 1-21 വീട് വാസയോഗ്യമാക്കൽ- പ്രൊജക്ട് നിർവ്വഹണത്തിലെ അപാകത

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ, കൽപകഞ്ചേരി ഗ്രാമ പഞ്ചായത്ത്.

പ്രൊജക്ട് - വീട് വാസയോഗ്യമാക്കൽ (ജനറൽ)

പ്രൊജക്ട് നമ്പർ- 12/19

അടങ്കൽ- 1000000 (plan)

പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു ഗുണഭോക്താവിന് മേൽ പ്രൊജക്ടിന് പരമാവധി 1 ലക്ഷം രൂപ വരെ ധനസഹായം നൽകാവുന്നതാണ്. എന്നാൽ മേൽ പദ്ധതി പ്രകാരം ആകെ 40 ഗുണഭോക്താക്കൾക്ക് വീട് വാസ യോഗ്യമാക്കുന്നതിന് 25000 രൂപ വീതം ധനസഹായം നൽകുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. ഗുണഭോക്താക്കൾ നൽകുന്ന എസ്റ്റിമേറ്റിന്റെയടിസ്ഥാനത്തിൽ വീട് പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിച്ച് ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് എഞ്ചിനീയർ പരിശോധിച്ച് നൽകുന്ന വാല്യേഷൻ സാക്ഷ്യപത്രത്തിന്റെയടിസ്ഥാനത്തിൽ മോണിറ്ററിംഗ് സമിതിയുടെ ശുപാർശ പ്രകാരമാണ് സബ്സിഡി നൽകേണ്ടത്. ഇപ്രകാരം 34 ഗുണഭോക്താക്കൾക്ക് 25000 രൂപ വീതം ധന സഹായം നൽകുന്നതിന് ചുവടെ കൊടുത്തിട്ടുള്ള വിധം 850000 രൂപ ചെലവ് ചെയ്തിട്ടുണ്ട്.

ട്രഷറി ബിൽ : 5/21-12-2018 തുക 550000

ട്രഷറി ബിൽ : 9/11.02. 2019 തുക 300000

ആകെ- 850000

പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. വാസയോഗ്യമല്ലാത്ത ഭവനം വാസ യോഗ്യമാക്കുന്നതിന് മാത്രമാണ് ഈ സബ്സിഡി ധന സഹായത്തിന് അർഹതയുള്ളത്. എന്നാൽ ഗുണഭോക്താക്കളാരും വീട് വാസയോഗ്യമല്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2. പദ്ധതി പ്രകാരം വിവിധ തരം അറ്റകുറ്റപ്പണികൾ ഗുണഭോക്താക്കൾ ചെയ്തിട്ടുണ്ട്. 25000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ എസ്റ്റിമേറ്റ് വരുന്ന പ്രവൃത്തികളാണ് ഗുണഭോക്താക്കൾ ചെയ്തിട്ടുള്ളത്. എന്നാൽ എല്ലാവർക്കും എഞ്ചിനീയർ/ ഓവർസിയർ ഒരേ നിരക്കിൽ (25000 രൂപ) വാല്വേഷന് നൽകുകയാണ് ചെയ്തിട്ടുള്ളത്.

3. ഗുണഭോക്താക്കളുടെ വീട് എഞ്ചിനീയർ പരിശോധിച്ച ശേഷമായിരിക്കണം ഓരോരുത്തർക്കും ആവശ്യമായ സബ്സിഡി തുക നിശ്ചയിക്കേണ്ടതെന്നും, ഭാര്യയുടെയും ഭർത്താവിന്റെയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കായിരിക്കണം തുക നൽകേണ്ടതെന്നും വ്യവസ്ഥ ഉണ്ട്. എന്നാൽ അപ്രകാരം എഞ്ചിനീയർ പരിശോധന നടത്താതെ എല്ലാവർക്കും ഒരേ തുക തന്നെ നൽകിയിരിക്കുന്നു. കൂടാതെ ഒരു വ്യക്തിയുടെ പേരിൽ മാത്രമാണ് ധനസഹായം നൽകിയിട്ടുമുള്ളത്. ഗുണഭോക്തൃ ലിസ്റ്റിലെ എല്ലാവർക്കും ധനസഹായം നൽകണമെന്നോ, പ്രൊജക്ട് പ്രകാരമുള്ള തുക പരമാവധി പേർക്ക് ആനുകൂല്യം കിട്ടുന്ന തരത്തിൽ വിതരണം ചെയ്യണമെന്നോ സർക്കാർ വ്യവസ്ഥ ചെയ്തിട്ടില്ല. ഏറ്റവും അർഹരായവർക്ക് എഞ്ചിനീയറുടെ വാല്വേഷൻ അടിസ്ഥാനത്തിൽ സബ്സിഡി തുക നിശ്ചയിച്ച് പദ്ധതി നടപ്പിലാക്കുകയാണ് വെണ്ടത്.

4. ഗുണഭോക്താക്കളുടെ പേരിൽ കാലി മുദ്ര പേപ്പർ വാങ്ങി എന്നല്ലാതെ എഗ്രിമെന്റ് ചമച്ചിട്ടില്ല.-

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-22 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി- പ്രവൃത്തി ചെയ്ത അളവിനേക്കാൾ കൂടുതൽ അളവ് രേഖപ്പെടുത്തി പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്ത് തുക നൽകി- ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുക തിരിച്ചടവാക്കി.

നിർവ്വഹണോദ്യോഗസ്ഥൻ- അസി. എഞ്ചിനീയർ

പ്രവൃത്തി- ചെറോത്ത്കുണ്ട് കണ്ടംചിന താഴെ മദ്രസ്സ റോഡ് കോൺക്രീറ്റിംഗ്

പ്രൊജക്ട് നമ്പർ- 28/19

സാങ്കേതികാനുമതി- 490000 രൂപ,

കരാറുകാരൻ- ശ്രീ. കെ. അൻവർ (0.1% Below)

അളവ് പുസ്തകം- 176/18

വൌച്ചർ നമ്പർ- 21801055/ 31-3-2019, 489510 രൂപ (തനത്ഫണ്ട്)

മേൽ പ്രവൃത്തിയിൽ റോഡ് കോൺക്രീറ്റ് ചെയ്തതായി അസി.എഞ്ചിനീയർ അളവ് പുസ്തകത്തിൽ 27-3-2019 ന് അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 145 മീറ്റർ നീളത്തിൽ പ്രവൃത്തി ചെയ്തതായിട്ടാണ്. (എം.ബുക്ക് - പേജ്- 1 മുതൽ 9 വരെ) ആയതിന്റെയടിസ്ഥാനത്തിലാണ് പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്ത് കരാറുകാരന് ബിൽ തുക നൽകിയിട്ടുള്ളത്. എന്നാൽ 16-12-2019 ന് ഓഡിറ്റ് ടീം ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ 134 മീറ്റർ നീളത്തിൽ മാത്രമാണ് റോഡ് കോൺക്രീറ്റ് ചെയ്തതായി ബോധ്യപ്പെട്ടത്. യഥാർത്ഥത്തിൽ പ്രവൃത്തി ചെയ്ത അളവിനേക്കാൾ 11 മീറ്റർ കൂടുതൽ പ്രവൃത്തി

ചെയ്തതായി അളവ് രേഖപ്പെടുത്തിയതിനാൽ കരാറുകാരന് അധിക തുക നൽകാനിടയായി.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| **ചെലവ് ചെയ്തതിന്റെ വിവരം** | **യഥാർത്ഥത്തിൽ അർഹമായ തുക** | **അധിക ചെലവ്** |
|---|---|---|
| ആകെ പ്രവൃത്തിയുടെ മൂല്യം- 514293 | ആകെ പ്രവൃത്തിയുടെ മൂല്യം- (11 മീറ്റർ നീളം അധികമായി മൂല്യ നിർണ്ണയം ചെയ്തത് ആനുപാതികമായി കുറവ് വരുത്തിയത് പ്രകാരമുള്ള തുക, 514293x 134)<br>135<br>= 475278 | 14707 |
| TS- ൽ പരിമിതപ്പെടുത്തിയത്- 490000 | | |
| Tender below- .1% (-) 490 | Tender below- .1% (-) 475 | |
| = 489510<br>(- ) IT- 4895<br>WF- 4895<br>GST-9790<br>കരാറുകാരന് നൽകിയ തുക = 469930 | = 474803<br>(- ) IT- 4748<br>WF- 4748<br>GST-9496<br>കരാറുകാരന് അർഹമായ തുക = 455811 | |

അധിക ചെലവ് 14707 രൂപ (489510- 474803) അധികമായി അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി കണക്കാക്കുന്നതാണ് എന്ന വിവരം അറിയിച്ച് കൊണ്ടുള്ള **13/18-12-2019 നമ്പർ** ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് രശീതി നമ്പർ- 119030108788/ 20-12-2019 പ്രകാരം 14707 രൂപ അസി. എഞ്ചിനീയർ ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കിയിട്ടുണ്ട്.

## 1-23 രജിസ്ട്രേഡ് ക്ലബുകൾക്ക് സ്പോർട്ട്സ് കിറ്റ് - മുഴുവൻ കിറ്റുകളും വിതരണം ചെയ്തിട്ടില്ല

ഹെഡ്മാസ്റ്റർ നടപ്പാക്കിയ പ്രൊജക്ടിൽ (70/19) പഞ്ചായത്ത് പ്രദേശത്തുള്ള സ്പോർട്സ് ക്ളബുകൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യുന്നതിന് വികസനഫണ്ട് 50,000/-രൂപയും തനത് ഫണ്ട് 50,000/- രൂപയും വകയിരുത്തി അംഗീകാരം ലഭിച്ചതിൽ 50,000/- രൂപ വികസന ഫണ്ടിൽ നിന്നും 27,159/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

1. Bill No. 05/06.02.2019 : 50,000/-

2. Try.cheque No. 2963450/21.03.2019 : 27,159/-

പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 20 ക്ലബുകൾക്ക് വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തതെങ്കിലും വേണ്ടത്ര അപേക്ഷകരില്ലാത്തിനാൽ 12 ക്ലബുകൾക്ക് മാത്രമാണ് സ്പോട്സ് കിറ്റുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുള്ളത്. എഡ്യുമാർട്ടിന്റെ 134612/19.01.2019 ഇൻവോയ്സ് പ്രകാരം 20 കിറ്റുകളുടെ വിലയാണ് മേൽ ബില്ലുകൾ പ്രകാരം നല്കിയിട്ടുള്ളത്.

2. വിതരണം ചെയ്ത സ്പോർട്ട്സ് കിറ്റുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇനം തിരിച്ചുള്ള എണ്ണം രേഖപ്പെടുത്തിയിട്ടില്ല. വിതരണം ചെയ്യാത്ത 8 സ്പോർട്സ് കിറ്റുകൾ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/18-12-19) മറുപടി ലഭിച്ചില്ല. വിതരണം ചെയ്യാത്ത കിറ്റുകളുടെ തുകയായ 30,864/- രൂപ തടസ്സം ചെയ്യുന്നു.

## 1-24 കൈപ്പറ്റ് രശീതി ഹാജരാക്കിയില്ല

സർക്കാർ പ്രൈമറി സ്കൂളുകൾക്ക് വാടക നല്കൽ പ്രൊജക്ടിൽ ബിൽ നമ്പർ 01/08.11.18 പ്രകാരം 1,28,219/- രൂപയും ബിൽ നമ്പർ 04/22.03.2018 പ്രകാരം 91,585/- രൂപയും കെട്ടിട ഉടമസ്ഥർക്ക് നല്കിയിട്ടുണ്ട്. ഇതിൽ ബിൽ (1) പ്രകാരം നല്കിയ 12,551/- രൂപ ജി.എൽ.പി.എസ് പാലേത്ത് സ്കൂൾ കെട്ടിട ഉടമസ്ഥയായ റസിയ എന്നിവർക്ക് നല്കിയതാണ്. ആയതിന്റെ കൈപ്പറ്റ് രശിതി ഹാജരാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (08/18.12.2019) മറുപടി ലഭ്യമായിട്ടില്ല. ആയത് ലഭ്യമാവുന്നതുവരെ ചെലവ് തുക തടസത്തിൽ വെക്കുന്നു.

## 1-25 പഞ്ചായത്തിൽ നടക്കുന്ന ക്രമക്കേടുകൾ സംബന്ധിച്ച പരാതി - പരിശോധന സംബന്ധിച്ച്.

ശ്രീ.മുഹമ്മദ് ശരീഫ്. കെ, കൽപ്പകഞ്ചേരി ഗ്രാമ പഞ്ചായത്ത് 11-ാം വാർഡ് മെമ്പർ 24-01-19 തീയതിയിൽ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ബഹു. ഡയറക്ടറുടെ 28-10-19 ലെ ഡി.കെ.എസ്.എ 595/2019/പി.റ്റി.3 നമ്പർ കത്തിൽ നിർദ്ദേശിച്ചതു പ്രകാരം പരാതിയിലെ കാര്യങ്ങൾ പരിശോധിച്ചതിൽ വ്യക്തമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 12-10-18 തീയതിയിൽ നടന്ന ഭരണ സമിതി സാധാരണ യോഗത്തിൽ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിന് 22-10-18 മുതൽ 29-10-18 വരെ ഗ്രാമസഭകൾ കൂടാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ ശുചിത്വം കുടിവെള്ളം വർക്കിംഗ് ഗ്രൂപ്പ് ചെയർമാനായ ശ്രീ. മുഹമ്മദ് ശരീഫിനെ (പരാതിക്കാരൻ) മാറ്റി പകരം ശ്രീ. സൈതാലിക്കുട്ടി എന്ന ബാപ്പുട്ടി ഹാജിയെ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി വിവരങ്ങൾ പരാതിക്കാരനെ രേഖാമൂലം അറിയിച്ചതായി കാണുന്നില്ല. ഇത് കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 161(7) ന് വിരുദ്ധമാണ് എന്ന പരാതിക്കാരന്റെ ആക്ഷേപം സാധൂകരിക്കുന്നു.
2. 2019-2020 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി 12-10-18 ലെ 1(3) നമ്പർ തീരുമാന പ്രകാരം 22-10-18 മുതൽ 29-10-18 വരെയുള്ള തീയതികളിൽ ഗ്രാമസഭ ചേരുന്നതിനും അതനുസരിച്ച് 11-ാം വാർഡ് ഗ്രാമസഭ 26-10-18 ന് കൂടാൻ തീരുമാനിച്ചിരുന്നെങ്കിലും വാർഡ് മെമ്പർ താൽപര്യമെടുക്കാഞ്ഞതിനാൽ ഗ്രാമസഭ മാറ്റി വെക്കുന്നതിനും തുടർന്ന് 29-10-18 ലെ 2(1) തീരുമാന പ്രകാരം 03-11-18 ന് നേരിട്ട് വിളിച്ചു ചേർക്കുന്നതിന് പ്രസിഡന്റ് നടപടി കൈക്കൊള്ളുന്നതിന് തീരുമാനിച്ചിരിക്കെ അതേ

ദിവസം വൈകുന്നേരം 3.30 ന് വിളിച്ച ചേർക്കാമെന്ന മെമ്പറുടെ കത്ത് പരിഗണിക്കുകയും (കത്ത് നം. എ1/5372/18 തീയതി 29-10-18) അല്ലാത്ത പക്ഷം മെമ്പറിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റപ്പെടുന്നില്ലെങ്കിൽ തൊട്ടടുത്ത ദിവസം (5-11-18) ഗ്രാമസഭ വിളിച്ച കൂട്ടുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്. മേൽ വിവരങ്ങൾ 30-10-18 ലെ എ1/5372/18 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതുമാണ്.

3. പതിമൂന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന ക്രിസ്റ്റൽ പ്ലാസ എന്ന സ്ഥാപനത്തിന് പെർമിറ്റ് 07-10-2015 ലെ A8-1891/89 നമ്പർ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ അനധികൃതമായാണ് ഓഡിറ്റോറിയം പ്രവർത്തിക്കുന്നത് എന്ന പരാതിയിൽ, അനധികൃതമായാണ് പ്രവർത്തിക്കുന്നത് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എ2-1964/18 തീയതി 24-05-18 കത്ത് പ്രകാരം കെട്ടിട ഉടമയായ ശ്രീ. മുഹമ്മദ് പുള്ളിശ്ശേരി എന്നയാൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും മറുപടി തൃപ്തികരമല്ലാത്തതിനാൽ 06-07-18 ലെ എ2-1964/2018 നമ്പർ സെക്രട്ടറിയുടെ നടപടിക്രമത്തിൽ 1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം 232, ആപൽക്കരവും അസഹ്യവുമായ വ്യാപാര സ്ഥാപനങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടം 25 അനുസരിച്ച് സ്ഥാപനം അടച്ച പൂട്ടുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ളതുമാണ്.

പഞ്ചായത്ത് ഭരണ സമിതിയുടെ 25-07-18 ലെ 14-ാം നമ്പർ തീരുമാനവും തുടർന്ന് സെക്രട്ടറിയുടെ മേൽ നടപടിക്രമങ്ങൾക്കെതിരെയും കെട്ടിട ഉടമയായ മുഹമ്മദ് പുള്ളിശ്ശേരി ബഹു. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണൽ മുൻപാകെ 68/2018 നമ്പറായി ഫയൽ ചെയ്ത റിവിഷൻ പെറ്റീഷനിൽ 1270/18 നമ്പറായി സ്റ്റേ ഉത്തരവ് സമ്പാദിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ സ്റ്റേ നീക്കാൻ വേണ്ട നടപടി പഞ്ചായത്തിന്റെ ഭാഗത്തു നിന്നും സ്വീകരിച്ചതായി കാണുന്നില്ല.

നേരിട്ട് കണ്ട് പരിശോധിച്ചതിൽ ഓഡിറ്റോറിയം ഇപ്പോഴും പ്രവർത്തിച്ച വരുന്നതായി ബോധ്യപ്പെട്ടു. പരാതിക്കടിസ്ഥാനമായ കാര്യങ്ങളിൽ തൊട്ടടുത്ത് താമസിച്ച വരുന്ന ഹംസ എന്നയാളുടെ വീടിനോട് ചേർന്ന് ഷീറ്റിട്ട് മറച്ചിരിക്കുന്നതായും ബോധ്യപ്പെട്ടിട്ടുണ്ട്.

4. പഞ്ചായത്തിൽ വാങ്ങിയ ജനറേറ്റർ ഇപ്പോൾ പ്രവർത്തനക്ഷമമാണ് എന്നും നിലവിൽ പ്രവർത്തിച്ച വരുന്നുണ്ടെന്നും പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 22.07.2019 മുതൽ 23.07.2019 വരെ | കെ എസ് എ .എം പി എം 10/1230/2019 തിയതി 03.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|
| കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | 1,40,800 | 103/19 നെൽകൃഷിക്ക് വിത്തുംവളവും കൂലിച്ചെലവിന് സബ്സിഡിയും | 1,40,800 | 0 |
| | 3,00,000 | 83/19 കിടപ്പിലായ രോഗികൾക്ക് പരിചരണം | 2,40,843 | 59,157 |
| മലപ്പുറം ജില്ലാപഞ്ചായത്ത് | 1,89,100 | 08/19 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉള്ള സ്കോളർഷിപ്പ് | 79,500 | 109600 |
| | 1,09,600 | ലൈഫ് ഭവനപദ്ധതി | 0 | 1,09,600 |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തീയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത്(മുതൽ/ പലിശ) | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| 1 | ലൈഫ് പദ്ധതി | GO(MS) 34/2018/LSGD dated 16.03.2018 | 1,54,687 | -- | -- | 1,54,687 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3,200/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1996-97 | 12 | 2,000 | ശ്രീ.പറങ്ങോടൻ, സെക്രട്ടറി ക്യ | 118030103561/ 03.08.2018 |
| 2008-09 & 2010-11 | 3.6 | 59489 | ലഭ്യമല്ല | 118030103847/ 31-08-18 |

## 4-8 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 33 | 2003-04 | പൊതു പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ | മരം ലേലം | തടസം ഒഴിവാക്കാൻ ബഹു.നിയമസഭാ സമിതിയോട് ശുപാർശ ചെയ്തിട്ടുണ്ട് |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,53,24,663.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 4,57,57,930.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 76,519 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

### <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 33,104 | ഡോ. ബബിത, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-23 | 30,864 | ശ്രീ. അമീർഷാ മുഹമ്മദ്, ഹെഡ്മാസ്റ്റർ |
| 1-24 | 12,551 | ശ്രീ. അമീർഷാ മുഹമ്മദ്, ഹെഡ്മാസ്റ്റർ |
| **ആകെ** | 76,519 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90 മുതൽ 1990-91 വരെ | എൽ.എഫ്.എം.5/971/97, തീ. 10-10-10 | 8 |
| 1996-97 | -ടി- | 3 |
| 1998-99 | -ടി- | 9 |
| 1999-00 | -ടി- | 10 |
| 2000-01 | -ടി- | 1 |
| 2001-02 | -ടി- | 4 |
| 2005-06 | എൽഎഫ്.എം.11/783/10 , തീ. 30-10-10 | 6 |
| 2006-07 | എൽഎഫ്.എം.11/784/10 , തീ. 30-10-10 | 11 |
| | [illegible] | |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.എം.15/1407/10, തീ. 21-5-12 | 14 |
| 2008-09 മുതൽ 2010-11 വരെ | കെ.എസ്.എ.എം.പി.എം.15/2946/18 തീ. 05-03-18 | 18 |
| 2011-12മുതൽ 2012-13വരെ | കെ.എസ്.എ.എം.പി.എം.15/3065/15, തീ. 02-02-16 | 12 |
| 2013-14 to 2014-15 | കെ.എസ്.എ.എം.പി.എം.15/2139/16, തീ. 09-08-16 | 30 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം15/3269/2016 തി.31-01-2017 | 15 |
| 2016-17 | കെ.എസ്.എ എം.പി.എം10/2043/17 തിയതി 01.11.2017 | 09 |
| 2017-18 | കെ.എസ്.എ.എം.പി.എം 10/2632/2018 തിയതി 07.06.2019 | 23 |

# അനുബന്ധം I ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.എം.പി.എം.10/26/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in


തിയ്യതി:7-3-2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 31.3.2019ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധ നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്ന

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

# അനുബന്ധം II വാർഷിക കണക്ക് സംക്ഷിപ്തം-പകർപ്പ്